DSLR/2532/2022-L1

"ഭരണഭാഷ മാതൃഭാഷ"

സർവ്വെയും ഭൂരേഖയുംവകുപ്പ്
സർവ്വേ ഡയറക്ടറുടെ കാര്യാലയം,
വഴുതക്കാട്, തിരുവനന്തപുരം-14
Ph:0471-2325266,Fax:2338210
E-mail: dir-tvm.syr@kerala.gov.in
dydir1-tvm.syr@kerala.gov.in
തീയതി: 09-07-2022

# ടെൻഡർ നോട്ടീസ്

ഡിജിറ്റൽ റീസർവ്വെയുമായി ബന്ധപ്പെട്ട് വീഡിയോ തീം സോംഗ് റീമേക്ക് ചെയ്യുന്നതിലേക്ക് മുദ്രവച്ച ടെൻഡർ ക്ഷണിക്കുന്നു. ടെൻഡറുകൾ സർവ്വെ ഡയറക്ടർ, സർവ്വെയും ഭൂരേഖയുംവകുപ്പ്, സർവ്വെ ഡയറക്ടറുടെ കാര്യാലയം, വഴുതക്കാട്, തിരുവനന്തപുരം-14. എന്ന വിലാസത്തിൽ നൽകേണ്ടതാണ്.

നിബന്ധനകൾ

1. നാല് മിനിട്ട് ദൈർഘ്യമുള്ള തീം സോംഗ് ചിത്രീകരിക്കുന്നതിന് ടെൻഡർ ക്ഷണിക്കുന്നു.
2. ചിത്രീകരണത്തിനായുള്ള ആഡിയോ തീം സോംഗ് വകുപ്പ് തയ്യാറാക്കി നൽകുന്നതായിരിക്കും.
3. എല്ലാ ദൃശ്യങ്ങളും മൗലീകമായിരിക്കണം.
4. തീം സോംഗിന് അനുയോജ്യമായ രീതിയിൽ കേരളത്തിലുടനീളം നടക്കുന്ന സർവ്വെ പ്രവർത്തനങ്ങളുടെ അന്തഃസത്ത ഉൾക്കൊള്ളുന്ന രീതിയിൽ വേണം വീഡിയോ നിർമ്മിക്കേണ്ടത്.
5. ടെൻഡറിനോടൊപ്പം ദൃശ്യാവിഷ്കാരത്തിന്റെ പൂർണ്ണ തിരക്കഥ വകുപ്പിന്റെ അംഗീകാരത്തിനായി നൽകേണ്ടതാണ്.
6. തിരക്കഥയ്ക്ക് അനുസൃതമായിട്ടുള്ള ചിലവുകളുടെ പൂർണ്ണ വിവരം സഹിതമാണ് നൽകേണ്ടത്.
7. നാല് മിനിട്ട് Full HD ഫോർമാറ്റിലുള്ള വീഡിയോ ആണ് വേണ്ടത്.
8. ടെൻഡർ സമർപ്പിക്കുമ്പോൾ വിശദമായ തിരക്കഥയ്ക്ക് പുറമെ ഉപയോഗിക്കുന്ന ക്യാമറ, സംവിധായകൻ, പ്രൊഡക്ഷൻ ടീം എന്നിവയുടെ വിശദാംശങ്ങൾ, പങ്കെടുക്കുന്നവരുടെ ചെറുവിവരണം സഹിതം സമർപ്പിക്കേണ്ടതാണ്.
9. വീഡിയോ തയ്യാറാക്കുന്നതിൽ താങ്കളുടെ പ്രാവീണ്യം തെളിയിച്ചിട്ടുള്ള മികച്ച സൃഷ്ടിയുടെ വീഡിയോ പകർപ്പ് കൂടി ടെൻഡറിനോടൊപ്പം ചേർക്കേണ്ടതാണ്
10. വർക്ക് ഓർഡർ ലഭിച്ച് 20 ദിവസത്തിനകം വീഡിയോ നിർമ്മിച്ച് നൽകേണ്ടതാണ്.
11. ടെൻഡർ തുകയ്ക്ക് യോജിച്ചതാണോ വീഡിയോ ക്വാളിറ്റി എന്ന് ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തിയാൽ മാത്രമേ വീഡിയോ അംഗീകരിക്കുകയുള്ളൂ.
12. ടി വീഡിയോ തീം സോംഗ് പ്രചരണം നടത്താൻ പാടില്ല.

13. ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതി 2022 ജൂലൈ 20 ബുധനാഴ്ച ഉച്ചയ്ക്ക് 2 മണി ആണ്.

2022 ജൂലൈ 20 ബുധനാഴ്ച വൈകുന്നേരം 3 മണിക്ക് ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിധ്യത്തിൽ ലഭ്യമായ ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ക്വട്ടേഷൻ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

Sd/-
സർവ്വേ ഡയറക്ടർ.

അംഗീകാരത്തോടെ

സർവ്വേ അഡീഷണൽ ഡയറക്ടർ.